| **PUBLICATION** | Madhyamam | **DATE** | 11.02.2019 |
|---|---|---|---|
| **EDITION** | Bangalore | **PAGE NO** | 03 |
| **HEADLINE** | Ultimate aim of Education is not Employment, but Empowerment & Enlightenment, says Honourable Vice President of India, M. Venkaiah Naidu | | |



സി.എം.ആർ സർവകലാശാലയിലെ പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ ഉദ്ഘാടനം ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു നിർവഹിക്കുന്നു

# പുതിയ ഹോസ്റ്റൽ കെട്ടിടം തുറന്നു

**ബംഗളൂരു:** നോർത്ത് ബംഗളൂരുവിൽ 60 ഏക്കറിലായുള്ള സി.എം.ആർ. സർവകലാശാലയിലെ പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ ഉദ്ഘാടനം ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു നിർവഹിച്ചു. വർഷങ്ങളായി സി.എം.ആർ ഗ്രൂപ് സ്ഥാപനങ്ങളിൽ ജോലിചെയ്തുവരുന്ന 344 അധ്യാപകർക്ക് പുരസ്കാരം നൽകി ആദരിച്ചു. പുരസ്കാര വിതരണവും ഉപരാഷ്ട്രപതി നിർവഹിച്ചു. സി.എം.ആർ ഗ്രൂപ് ചെയർമാനും എം.പിയുമായ കെ.സി രാമമൂർത്തി, നാഷനൽ പബ്ലിക് സ്കൂൾ ചെയർമാൻ ഡോ.കെ.പി ഗോപാൽകൃഷ്ണ, സി.എം.ആർ സർവകലാശാല ചാൻസലർ ഡോ. സബിത രാമമൂർത്തി എന്നിവർ സംബന്ധിച്ചു. ജോലി നേടുക എന്നതല്ല വിദ്യാഭ്യാസത്തിന്റെ ഏറ്റവും പരമപ്രധാനമായ ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു പറഞ്ഞു. വിദ്യാഭ്യാസം ജോലിനേടാൻ മാത്രമുള്ളതല്ല, അതിലൂടെ സ്വയം ശാക്തീകരിക്കപ്പെടുകയും അറിവുനേടുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു. ഗ്രീൻഫീൽഡ് പദ്ധതിയുടെ ഭാഗമായാണ് പുതിയ ക്യാമ്പ് നിർമിച്ചിരിക്കുന്നത്. ബെള്ളാരി റോഡിൽനിന്നും പുതിയ കാമ്പസിലേക്ക് എളുപ്പത്തിലെത്താം.